പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1679 — 22.03.2012-ൽ മറുപടിയ്ക്ക്

## ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. ഉമ്മൻചാണ്ടി (ബഹു: മുഖ്യമന്ത്രി) |
| എ. ബി.പി.എൽ. കാർഡ് ഉള്ള ആളുകൾക്ക് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാ എന്ന കാരണത്താൽ സർക്കാരിൽ നിന്നു ലഭിക്കേണ്ട പല ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ. & ബി. ബി.പി.എൽ. കാർഡ് ഉള്ള വ്യക്തികൾ പുതിയ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടണമെന്നില്ല. 14-01-2011-ലെ സ.ഉ.(കൈ)നമ്പർ/16/11/തസ്വഭവ പ്രകാരം ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾക്കും അവയുടെ വെയിറ്റേജിനും മാനദണ്ഡങ്ങൾക്കും അംഗീകാരം നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ബി.പി.എൽ. ലിസ്റ്റിൻ മേലുള്ള പരാതികളും ആക്ഷേപങ്ങളും സമർപ്പിക്കുവാൻ പൊതുജനങ്ങൾക്ക് അവസരം നൽകുകയും ലഭിക്കുന്ന പരാതികളിൻമേൽ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന അതേ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീർപ്പു കൽപ്പിക്കുന്നതിനും തീരുമാനിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 2012 ഏപ്രിൽ മാസം മുതൽ ഈ സെൻസസ് സർവ്വേ ആരംഭിക്കുകയും പ്രസിദ്ധീകരിച്ചിട്ടുള്ള ബി.പി.എൽ. ലിസ്റ്റിൻമേലുള്ള പരാതികൾ കൂടി ഈ അവസരത്തിൽ പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതിന് എന്യൂമറേറ്റർമാരെയും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഈ സെൻസസിൽ ബി.പി.എൽ. കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള വിവര ശേഖരണവും നടത്തുന്നുണ്ട്. |
| ബി. ഉണ്ടെങ്കിൽ ബി.പി.എൽ. കാർഡ് ഉള്ള ആളുകളെ ബി.പി.എൽ. ലിസ്റ്റിൽ ചേർക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ.